(1) 2001 ഡിസംബറിൽ തിരുവനന്തപുരം തുമ്പയിലുണ്ടായ പോലീസ് വെടിവെയ്പിനെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. രാജപ്പൻ ആചാരി അന്വേഷണ കമ്മീഷൻ;

(2) 2002 ജൂലൈ മാസത്തിൽ കോട്ടയം കുമരകത്തുണ്ടായ ബോട്ട് അപകടത്തെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് അന്വേഷണ കമ്മീഷൻ;

(3) 2003 ഏപ്രിൽ മാസത്തിൽ കൊല്ലം കുപ്പണയിലുണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷൻ;

(4) 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ സംഭവങ്ങളെ ക്കുറിച്ച് അന്വേഷിക്കുവാൻ നിയമിച്ച ശ്രീ. തോമസ് പി. ജോസഫ് അന്വേഷണ കമ്മീഷൻ;

(സി ആന്റ് ഡി) ശ്രീ. രാജപ്പനാചാരി കമ്മീഷനും, ശ്രീ. ജസ്റ്റിസ് നാരായണക്കുറുപ്പു കമ്മീഷനും റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ടു റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുവാനുണ്ട്. ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് അന്വേഷണ കമ്മീഷൻ, ശ്രീ. തോമസ് പി. ജോസഫ് അന്വേഷണ കമ്മീഷൻ എന്നിവരിൽനിന്നും അന്തിമ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. അന്വേഷണം തുടരുകയാണ്.

കുമരകം ബോട്ടപകടത്തെക്കുറിച്ച് അന്വേഷണം നടത്തിയ ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ട് പരിശോധിക്കുകയും ശുപാർശകൾ നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുള്ള നടപടി ഗതാഗതവകുപ്പ് സ്വീകരിച്ചു വരികയാണ്. തുമ്പ വെടിവെയ്പിനെക്കുറിച്ച് അന്വേഷണം നടത്തിയ ശ്രീ. രാജപ്പൻ ആചാരി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു. ശുപാർശകൾ അംഗീകരിക്കുകയുണ്ടായി.

പോലീസ് സ്റ്റേഷനുകൾ കുറ്റാന്വേഷണം, ക്രമസമാധാനം എന്നീ വിഭാഗങ്ങളായി വിഭജനം

* 9 [159] ശ്രീ. ടി. കെ. ദേവകുമാർ:

,, കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ കുറ്റാന്വേഷണം, ക്രമ സമാധാനം എന്നീ വിഭാഗങ്ങളായി പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ഈ രീതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി പോലീസ് സേനാംഗങ്ങളെ രണ്ടായി തിരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പോലീസ് സംവിധാനത്തിൽ വരുത്തിയ ഈ മാറ്റം വിജയ പ്രദമാണെന്ന് കരുതുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് കുറ്റാന്വേഷണ വിഭാഗത്തിനായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാവുമോ;

(എഫ്) പോലീസ് സംവിധാനത്തിൽ വരുത്തിയ ഈ പരിഷ്കാരങ്ങൾ പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായകമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ക്രൈം, ലാ ആന്റ് ഓർഡർ എന്നീ വിഭാഗങ്ങളിലായി പ്രവർത്തിപ്പിക്കുന്നതിന് തിരുവനന്തപുരം സിറ്റിയിലെ 17 പോലീസ് സ്റ്റേഷനുകളിൽ രണ്ടു വിഭാഗങ്ങളിലായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ ചുമതലയിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. വിജയപ്രദമെന്നു കണ്ടാൽ കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നീ നഗരങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതാണ്.

(ബി) തിരുവനന്തപുരം സിറ്റിയിലെ താഴെ പറയുന്ന പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിവരുന്നു:

(1) കന്റോൺമെന്റ്
(2) മ്യൂസിയം
(3) പൂജപ്പുര
(4) പേരൂർക്കട
(5) വട്ടിയൂർക്കാവ്
(6) നേമം
(7) തമ്പാനൂർ
(8) കോവളം
(9) തിരുവല്ലം
(10) ഫോർട്ട്
(11) വിഴിഞ്ഞം
(12) വഞ്ചിയൂർ
(13) പേട്ട
(14) മെഡിക്കൽ കോളേജ്
(15) തുമ്പ

LIBRARY ARCHIVES Kerala Legislative Assembly

(16) പൂന്തുറ

(17) വലിയതുറ

(സി) പൂർണ്ണമായില്ല.

(ഡി) ഈ സംവിധാനത്തെക്കുറിച്ച് അവലോകനം നടത്തിവരുന്നു.

(ഇ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് കുറ്റാന്വേഷണ വിഭാഗത്തിനായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(എഫ്) അവലോകനം നടത്തിവരുന്നു.

എൽ. എൻ. ജി. ടെർമിനൽ

* 10 [160] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ എൽ. എൻ. ജി. ടെർമിനൽ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തതായി കേരള സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സർക്കാരിന് ഇക്കാര്യത്തിൽ കേന്ദ്രത്തിൽനിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) ഈ ടെർമിനലിൽനിന്നും കേരളത്തിന്റെ ആവശ്യത്തിന് എന്നു മുതൽ പ്രകൃതി വാതകം ലഭിച്ചുതുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കായംകുളം വൈദ്യുത പദ്ധതിയിൽ എന്നുമുതൽ പ്രകൃതി വാതകം ഉപയോഗിച്ചു വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയും;

(ഇ) ഇതുമൂലം വൈദ്യുതി വിലയിൽ എന്തുമാറ്റമാണ് ഉണ്ടാകുക എന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിർമ്മാണം തുടങ്ങിയാൽ മൂന്നു വർഷംകൊണ്ട് ഉല്പാദനം ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) എൻ.റ്റി.പി.സി.-യിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 2008-ൽ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) എൻ.റ്റി.പി.സി.-യ്ക്ക് പ്രകൃതി വാതകം ലഭ്യമാകുന്ന വിലയെ അടിസ്ഥാനമാക്കിയായിരിക്കും വൈദ്യുതിയുടെ വില നിശ്ചയിക്കപ്പെടുക. അത് ഇപ്പോൾ വ്യക്തമാക്കുക പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly